**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1470** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** ഭൂമി ലഭ്യത കുറഞ്ഞ മേഖലകളിൽ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്;

**<u>മറുപടി:</u>** കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടുപ്പാവ് കൃഷിയ്ക്ക് ധനസാഹയം നൽകി വരുന്നു. ഇതിന്റെ ഭാഗമായി ഭൂമി ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി എച്ച്.ഡി.പി.ഇ./മൺചട്ടിയിൽ പച്ചക്കറി കൃഷി പ്രോത്സാഹനം, അടുക്കളത്തോട്ടം പദ്ധതിയ്ക്ക് ആവശ്യമായ വിത്ത് - തൈകൾ എന്നിവയുടെ സൗജന്യ വിതരണം, വീട്ടുവളപ്പിൽ പോഷകത്തോട്ടം ഒരുക്കുന്നതിനുള്ള ദീർഘകാല പച്ചക്കറിതൈകളുടെ വിതരണം, എന്നിവ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മട്ടുപ്പാവ് കൃഷിയ്ക്കായി ഒരു കർഷകന് 25 പച്ചക്കറി തൈകൾ, മൺചട്ടി/HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 3750 രൂപ(75%) സബ്സിഡി നിരക്കിൽ ആനുകൂല്യം നൽകുന്നു.

**(ബി)** കൃഷിഭൂമി താരതമ്യേന കുറഞ്ഞ തിരുവനന്തപുരം കോർപ്പറേഷൻ മേഖലയിൽ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

**<u>മറുപടി:</u>** തിരുവനന്തപുരം കോർപ്പറേഷൻ മേഖലയിൽ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കൃഷി വകുപ്പ് പദ്ധതികൾക്ക് ഒപ്പം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മൺചട്ടിയിൽ/ എച്ച്.ഡി.പി.ഇ. ചട്ടിയിൽ വളം നിറച്ച് പച്ചക്കറി തൈകൾ, പച്ചക്കറി വിത്ത് നട്ട് വീട്ടിൽ എത്തിക്കുന്ന നടപടി, കുറ്റിക്കുരുമുളക് തൈ വിതരണ പദ്ധതി, വർഷം മുഴുവനും പച്ചക്കറി തൈകൾ, വിത്ത് വിതരണം, വിവിധ സങ്കരയിനം പച്ചക്കറി വിത്ത് വിതരണം, പോഷകത്തോട്ടം തൈകൾ വിതരണം, ദീർഘകാല പച്ചക്കറി തൈകൾ വിതരണം, ഹൈഡ്രോപോണിക്സ്, മട്ടുപ്പാവിന് അനുയോജ്യമായ പത്തിനം ഫലവൃക്ഷ തൈ വിതരണ പദ്ധതി, കിഴങ്ങുവർഗ്ഗ കിറ്റ് വിതരണ പദ്ധതി, ജൈവവളം വിതരണം, ജീവാണുവളം വിതരണം, സൂക്ഷ്മാണുവളം വിതരണം എന്നിവയാണ് നടപ്പിലാക്കി വരുന്ന പദ്ധതികൾ.

**(സി)** തിരുവനന്തപുരം കോർപ്പറേഷൻ മേഖലയിൽ ഓരോ കൃഷിഭവന്റെ പരിധിയിലും കൃഷി വകുപ്പിന്റെ സഹായത്തോടെ എത്ര വീടുകളിൽ മട്ടുപ്പാവ് കൃഷി നടപ്പിലാക്കി വരുന്നു എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം കോർപ്പറേഷൻ മേഖലയിൽ കൃഷി ഭവൻ തലത്തിൽ മട്ടുപ്പാവ് കൃഷി നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കൃഷി ഭവന്റെ പേര് | വീടുകളിൽ മട്ടുപ്പാവ് കൃഷി നടപ്പിലാക്കിയ എണ്ണം |
|---|---|---|
| 1 | നേമം | 501 |
| 2 | സിറ്റി കോർപ്പറേഷൻ | 3500 |
| 3 | കുടപ്പനക്കുന്ന് | 400 |
| 4 | വട്ടിയൂർക്കാവ് | 350 |
| 5 | കഴക്കൂട്ടം | 3000 |
| 6 | ഉള്ളൂർ | 3000 |
| 7 | ശ്രീകാര്യം | 200 |
| 8 | ആറ്റിപ്ര | 500 |
| 9 | കടകംപള്ളി | 2640 |
| 10 | തിരുവല്ലം | 350 |
| 11 | വിഴിഞ്ഞം | 1010 |
| | **ആകെ** | **15451** |

**(ഡി)** ഇവർക്ക് എന്തെല്ലാം സഹായങ്ങളാണ് കൃഷി വകുപ്പ് നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം, മട്ടുപ്പാവ് കൃഷിയ്ക്കായി ഒരു കർഷകന് 25 പച്ചക്കറി തൈകൾ, മൺചട്ടി/HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ ധനസഹായം നൽകി വരുന്നു.

പോഷകത്തോട്ടം നിർമ്മിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് പച്ചക്കറി കൃഷിയ്ക്ക് ആവശ്യമായ ജൈവവളങ്ങളും ജൈവ കീടനാശിനികളും പച്ചക്കറി തൈകളും ഉൾപ്പെടെ ഓരോ കർഷകനും 500/- രൂപയുടെ ആനുകൂല്യം നൽകി. കൂടാതെ 10/- രൂപ വിലയുള്ള പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 3/- രൂപ വില വരുന്ന വിവിധ സങ്കരയിനം പച്ചക്കറി തൈകളും, 100/- രൂപ വില വരുന്ന സങ്കരയിനം വിത്തിനങ്ങളും, 15/- രൂപ വില വരുന്ന ദീർഘകാല പച്ചക്കറി തൈകളും സൗജന്യമായി കൃഷിഭവൻ മുഖേന കർഷകർക്ക് വിതരണം നടത്തുകയുണ്ടായി. ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യം, സബ്സിഡി നിരക്കിൽ മഴമറ, തുള്ളിനന/കൂൺകൃഷി യൂണിറ്റ് എന്നിവയും, എച്ച്.ഡി.പി.ഇ. ചെടിച്ചട്ടി, വളം ചേർത്ത മണ്ണ് എന്നിവ കൂടാതെ സൗജന്യ മണ്ണ് പരിശോധനയും ലഭ്യമാക്കുന്നു. ഓരോ കർഷകനും കൃഷിയെ സംബന്ധിച്ച സാങ്കേതിക സഹായം നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**